**Week - 4**

# A Watchman For God (Ezekiel 33:7)

## (ദൈവം നിയോഗിച്ച കാവൽക്കാരൻ - യെഹ:33:7)




മഞ്ഞ് പെയ്യുന്ന രാത്രിയിലും തന്റെ ജോലി ശ്രദ്ധയോടെ ചെയ്യുന്ന താണ് റോണിന്റെ ക്ലാറൻസ് എന്ന നായ അവന്റെ കണ്ണെത്തും ദൂരത്ത് അസ്വഭാവികമായി എന്തു കണ്ടാലും അവൻ യജമാനത്തിയെ വിവരം അറിയിക്കും. അയൽവാസിയായ ചാർലിയ്ക്ക് ഈ നായയുടെ കുര ശല്യ മായിരുന്നു. ഭയങ്കരമായ മഞ്ഞുള്ള ഒരു രാത്രി റോണിന് ഒരു സ്വസ്ഥ തയും കൊടുക്കാതെ നായ കുരയ്ക്കുവാൻ തുടങ്ങി. റോൺ ഇറങ്ങി തടാ കതീരത്ത് ചെന്നപ്പോൾ കണ്ടത് മഞ്ഞിനടിയിൽ പെട്ട് മൃതപ്രായനായി കിട ക്കുന്ന ഒരു യുവാവിനെയാണ്.. ഈ യുവാവ് പട്ടിയുടെ കുരയ്ക്ക് പരാതി പറഞ്ഞ ചാർളിയുടെ കൊച്ചുമകനായിരുന്നു. മറ്റു ചിലരുടെ സഹായത്തോടെ അവനെ ആശുപത്രിയിലെത്തിച്ച് ജീവൻ രക്ഷിക്കുവാൻ കഴിഞ്ഞത് തക്ക സമയത്ത് നായ പ്രതികരിച്ചതുകൊണ്ടാണ്.

മനുഷ്യരായ നമ്മെയും ഒരു കാവൽക്കാരന്റെ ജോലി ദൈവം ഏല്പിച്ചിട്ടുണ്ട്. ഭവനത്തിന്റെ, ചുറ്റുപാടിന്റെ , സമൂഹത്തിന്റെ അങ്ങനെ നമ്മെ ഏല്പിച്ച സകലതിന്റെയും കാവൽക്കാരാണ് നാം. ഒരാപത്തിൽ നിന്ന് മറ്റൊരാളെ രക്ഷിപ്പാൻ , രോഗത്തിന്റെ പിടിയിലകപ്പെട്ട ഒരാൾക്കുവേണ്ടി പ്രാർത്ഥിച്ച് രക്ഷപെടുത്തുവാൻ ദൈവസ്നേഹം ഉള്ളിലുള്ള ഒരു കാവൽക്കാരനു മാത്രമേ പറ്റുകയുള്ളൂ. ഇങ്ങനെയുള്ളവർക്കേ മറ്റുള്ളവരെ സ്നേഹിപ്പാൻ കഴിയുകയുള്ളു.




**<u>കാവൽക്കാരൻ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ- യെഹ:(33:7)</u>**

1.കാവൽക്കാരന്റെ ഉത്തരവാദിത്വം -- നിരീക്ഷിക്കുക, മുന്നറിയിപ്പ് നൽകുക (

2. ആരാണ് ഈ ഉത്തരവാദിത്വം അവനെ ഏൽപ്പിച്ചത്-- ദൈവം.

3. തിരഞ്ഞെടുത്തവനെ (കാവൽക്കാരനെ) മനുഷ്യപുത്രാ എന്ന് വിളിച്ചതെന്തിന് ? കാവൽക്കാരൻ വെറും മനുഷ്യനാണെന്നും അവൻ ന്യായാധിപനല്ല എന്നും ഓർമ്മിപ്പിക്കുവാനാണ് 'മനുഷ്യപുത്രാ'എന്ന് വിളിച്ചത്. ദൈവീക നിർദ്ദേശം അനുസരിക്കുമ്പോൾ തന്നെ ജനത്തിന്റെ ബലഹീനത മനസ്സിലാക്കി അവരോട് സ്നേഹത്തോട് പെരുമാറണം.

4. ഏല്പിച്ച ജോലി--- "നീ എന്റെ വായിൽ നിന്ന് വചനം കേട്ട് എന്റെ നാമത്തിൽ അവരെ ഓർമ്മപ്പെടുത്തേണം.

5. കാവൽക്കാരന്റെ ആത്മീയനിലപാട് --- ദൈവത്തോടു കൂടെ ആയിരുന്ന് ദൈവത്തിനുവേണ്ടി വിശ്വസ്തതയോടെ ജോലി നിർവ്വഹിക്കുക.

മനുഷ്യസ്നേഹവും , ദൈവസ്നേഹവും ഉള്ള കാവൽക്കാരൻ അനീതിക്കെതിരെ ശബ്ദം ഉയർത്തുകയും എന്നാൽ അനീതിക്കാരെ ചവിട്ടിത്താഴ്ത്താതെ രക്ഷയുടെ മുന്നറിയിപ്പ് നൽകി ക്ഷമയോടെ കാത്തിരിക്കുകയും വേണം. കാവൽക്കാരന്റെ വാക്കനുസരിക്കുന്ന അനീതിക്കാരൻ രക്ഷപ്രാപിക്കും. കാവൽക്കാരൻ പറഞ്ഞിട്ടും അനുസരിക്കാതെ ഇരുന്നാൽ അവന്റെ നാശത്തിന് കാവൽക്കാരനോടു ചോദിക്കുകയില്ല കാവൽക്കാരൻ സത്യവചനം ദൈവത്തിന്റെ വായിൽനിന്ന് കേട്ടിട്ടും സത്യമായിട്ട് ജനത്തോട് പറയാതെ ,ധനലാഭത്തിനായി സത്യം മറച്ചു വച്ചാൽ കാവൽക്കാരന് ശിക്ഷ നിശ്ചയമാണ്. ഇപ്രകാരമുള്ള ഇടയന്മാരെ വേലയിൽ നിന്ന് പുറത്താക്കുമെന്ന് യെഹ: 34:10 ൽ കാണുന്നു.

പ്രീയരേ ! മുടക്കമില്ലാതെ കൊടുക്കുവാൻ കഴിയുന്ന ഒന്നാണ് സ്നേഹം. ദൈവത്തേയും മനുഷ്യരേയും സ്നേഹിക്കുന്ന ഉത്തരവാദിത്തമുള്ള കാവൽക്കാരൻ ആകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## പ്രാർത്ഥന

പ്രീയ കർത്താവേ ! ഞങ്ങളെ അങ്ങ് തിരഞ്ഞെടുത്തതിനായി സ്തോത്രം. ഞങ്ങളെ ഏല്പിച്ച കാവൽക്കാരന്റെ ജോലി ചന്തവും ഉചിതവുമായി ചെയ്തു കഴിയുമ്പോൾ, യജമാനൻ ഞങ്ങളെ നല്ലവനും വിശ്വസ്തനുമായ ദാസനെ എന്ന് വിളിപ്പാൻ തക്കവണ്ണം പ്രവർത്തിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ, ആമേൻ

Santhamma Varghese